**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2357** **12-02-2024 - ൽ മറുപടിയ്ക്ക്**

**മുൻഗണന കാർഡുകളുടെ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ അർഹരായ നിരവധി കുടുംബങ്ങൾക്ക് പല കാരണങ്ങളാൽ മുൻഗണന റേഷൻ കാർഡുകൾ ലഭിക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവർക്ക് മുൻഗണന കാർഡുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ലഭ്യമാകുന്ന അപേക്ഷകൾ പരിശോധിച്ച് സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കനുസൃതമായി മുൻഗണനാ റേഷൻകാർഡുകൾ (AAY/PHH) നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| (ബി) | സാമ്പത്തിക ബുദ്ധിമുട്ട് മൂലം വീട് നഷ്ടപ്പെട്ട് വാടകവീട്ടിൽ താമസിക്കുന്നവർക്ക് റേഷൻ കാർഡ് ലഭിക്കാത്തതുമൂലം ഗവൺമെന്റിന്റെ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മുൻപ് നടപ്പാക്കിയിരുന്ന സീറോ നമ്പറിട്ട് കാർഡ് കൊടുക്കുന്ന പദ്ധതി ഒരിക്കൽ കൂടി നടപ്പാക്കി കൈപ്പമംഗലം നിയോജക മണ്ഡലത്തിലെ അർഹരായ എല്ലാ കുടുംബങ്ങൾക്കും സ്വന്തമായി റേഷൻ കാർഡ് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വാടക വീട്ടിൽ താമസിക്കുന്നവർക്ക് സാധുവായ വാടകക്കരാറുണ്ടെങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ നിബന്ധനകൾ പാലിച്ചുകൊണ്ടും വാടകക്കരാർ ഇല്ലാത്തപക്ഷം നിശ്ചിത മാതൃകയിലുള്ള സ്വയം സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിലും റേഷൻകാർഡ് അനുവദിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ